3.	Trichur Malayalam Library		Rs.	84.
4.	Do	English do	,,	300.
5.	Irinjalakkuda (from 1104)	do	,,	100.
6.	Kattur Library		,,	30.
7.	Cranganur	do	,,	100.
8.	Ernakulam	do	,,	600.

(f) Vide Appendix I to the Legislative Council Proceedings of the Budget Session of 1102, Vol. III, Part 18.

Liquor shops in Chattedom.

304. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) ചേന്ദമംഗലം വില്ലേജിൽപ്പെട്ട ചാത്തേടം എന്ന ചെറിയ ദേശത്ത എത്ര മദ്യഷാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന സദയം പറയുമൊ?

(b) ചാത്തേടം എത്രകണ്ട് വിസ്തീർണ്ണമുള്ള പ്രദേശമാണെന്ന പറയുവാൻ ദയവുണ്ടാകുമൊ?

മിസ്റ്റർ സി. വി. അന്തോണി.—(a) ഒരു കള്ളുഷാപ്പും, ഒരു ചാരായഷാപ്പും.

(b) ഉദ്ദേശം ഒരു നാഴിക നീളവും കാൽ നാഴിക വീതിയും.

Arappu Thodu.

305. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കൊടുങ്ങല്ലൂരിലെ ഏററവും അടിയന്തിരമായ അറപ്പുതോട് പണി കാലെക്കൂട്ടി ആരംഭിക്കുവാൻ ഗവമ്മെണ്ട് വേണ്ട ഏർപ്പാട ചെയ്തിട്ടുണ്ടൊ എന്ന സദയം അറിയിക്കുമൊ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഈ പണിക്കുള്ള എസ്റ്റിമേററ് തയ്യാറാക്കി വരുന്നുണ്ട്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അറപ്പ തോടിന്റെ പണി എപ്പോഴാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്? എത്രമാസത്തിനകം സാധിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഇപ്പോൾ ചെയ്യുവാൻ വിചാരിക്കുന്ന പണി മുഴുവനും തീർക്കുവാൻ രണ്ടുമൂന്ന കൊല്ലം വേണ്ടിവരും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—എപ്പോൾ പണി ആരംഭിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഒരു മാസത്തിനകം ആരംഭിക്കുവാൻ സാധിക്കുമെന്നാണ് തോന്നുന്നത്.

The conduct of a teacher in the Pathinettarayalam primary School.

306. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) പതിനെട്ടരയാളം പ്രൈമറി സ്കൂളിലെ ഒരു അദ്ധ്യാപകൻ തന്റെ ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിയെ മറെറാരു കുട്ടിയെകൊണ്ട തല്ലിച്ച് ശി

LIBRARY ARCHIVES Kerala Legislative Assembly